സംഘടന നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല. ഗവൺമെൻറിൻെറ നയപരിപാടികളേയും പദ്ധതികളെയുംപറ്റി സാമാന്യജനങ്ങളെ ബോധവാൻമാരാക്കുകയും അവരുടെ പ്രതികരണങ്ങളും ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക—എന്ന സുപ്രധാനമായ കർത്തവ്യം വേണ്ടവണ്ണം നിർവ്വഹിക്കത്തക്കവിധം പബ്ലിക്റിലേഷൻസ് വകുപ്പു ശാസ്ത്രീയാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കപ്പെട്ടിരുന്നില്ലെന്ന് ഗവൺമെൻറിന് ബോദ്ധ്യമായതിനാൽ ഉടനടി ഡിപ്പാർട്ടുമെൻറിൻെറ പുനഃസംഘടനയ്ക്കു വേണ്ട സത്വരനടപടികളും എടുക്കേണ്ടതായിവന്നു.

(ബി) ഈ പുനഃസംഘടനമൂലം ആണ്ടിൽ ഏതാണ്ട് ഇരുപത്താറായിരത്തോളം രൂപ അധികച്ചെലവു വരുമെന്ന് കരുതുന്നു.

ലൈബ്രറിബിൽ

* 170. [620] ശ്രീ. കെ. സി. വാമദേവൻ: താഴെക്കാണുന്ന ചോദ്യത്തിനു വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടിനൽകുമോ:

സംസ്ഥാനത്തെ ഗ്രന്ഥശാലാപ്രസ്ഥാനത്തിന് പുരോഗതി കൈവരുത്തുന്ന 'ലൈബ്രറിബിൽ' അവതരിപ്പിക്കാനുള്ള കാലതാമസത്തിനു കാരണമെന്ത്?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സംസ്ഥാനത്തെ ഗ്രന്ഥശാലാപ്രസ്ഥാനത്തിനുവേണ്ടി തയാറാക്കിയിട്ടുള്ള കരടു ലൈബ്രറിബിൽ ഗവൺമെൻറിൻെറ സജീവപരിഗണനയിലിരിക്കുകയാണ്. സംസ്ഥാനത്തെ വിവിധതലങ്ങളിലുള്ള ലൈബ്രറി പ്രവർത്തകൻമാരുമായി ചർച്ച ചെയ്തതിനു ശേഷം കരടു ബില്ലിന് അവസാനരൂപം നൽകി നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്. ഇതിന് വേണ്ട സത്വരനടപടികളും സ്വീകരിച്ചിട്ടുണ്ട്.

മലയാളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

* 171. [625] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൻെറ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എങ്ങിനെ?

വിദ്യാഭ്യാസവും ആഭ്യന്തരവുംമന്ത്രി, (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ, ബി) ഇൻസ്റ്റിറ്റ്യൂട്ടിൻെറ പ്രവർത്തനങ്ങൾ ഇപ്പോൾ ഊർജ്ജിതത്തിലാണ് നടക്കുന്നത്.

ഹെഡ്കോൺസ്റ്റബിൾ ടെസ്റ്റ്.

* 172. [626] ശ്രീ. എം. കെ. ജോർജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസ് സേനയിൽ ഹെഡ്കോൺസ്റ്റബിൾ ടെസ്റ്റ് പാസ്സാകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാർക്കിൽ ലോക്കലും, റിസർവ്വും തമ്മിൽ എന്തെങ്കിലും ശതമാനവ്യത്യാസം നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ കാരണമെന്ത്;

(സി) ലോക്കൽ പോലീസിനു 40 ശതമാനവും, റിസർവ്വ് പോലീസിനു അൻപത് 50 ശതമാനവും മാർക്ക് വേണമെന്നുണ്ടായിരുന്ന ഉത്തരവ് ഇപ്പോഴും പ്രാബല്യത്തിൽ ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ വ്യത്യാസം മാറ്റി തുല്യമാർക്ക് ഇരുവിഭാഗത്തിനും നടപ്പാക്കുമോ?

വിദ്യാഭ്യാസവും, ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഉണ്ട്.

(ബി) ലോക്കലിലും, റിസർവ്വിലും സേവനമനുഷ്ഠിക്കുന്ന പോലീസുകാരുടെ ചുമതലകളുടെ വ്യത്യാസം കണക്കിലെടുത്തുകൊണ്ട് അവർക്കു പ്രത്യേകം ടെസ്റ്റുകൾ നടത്തുന്നതിനാണ് വ്യവസ്ഥചെയ്തിട്ടുള്ളത്. ലോക്കൽ പോലീസിലുള്ളവർക്ക് കൂടുതൽ നിയമപരവും, കുറ്റാന്വേഷണം തുടങ്ങിയ സങ്കീർണ്ണങ്ങളായ വിഷയങ്ങളിലാണ് പരീക്ഷ നടത്തുന്നത്. റിസർവ്വ് പോലീസിലുള്ളവർക്ക് പ്രാവുകാരുടെ ചുമതലകൾ, ആയുധങ്ങൾ സൂക്ഷിക്കുന്നവിധം, ക്യാമ്പ് റൊട്ടീൻ ഇവയിൽ എഴുത്തുപരീക്ഷയും, ഡ്രിൽ, ലാത്തി ഡ്രിൽ, ആയുധപരിശീലനം, മോബ് ഓപ്പറേഷൻ ഈ വിഷയങ്ങളിൽ പ്രായോഗിക പരീക്ഷയുമാണ് നടത്തുന്നത്. രണ്ട് കൂട്ടർക്കുമുള്ള വിഷയങ്ങളുടെ വൈവിദ്ധ്യംകൊണ്ടും അവയിൽ ഉത്തരമെഴുതുന്നതിന് നേടേണ്ട അറിവ് ആർജ്ജിക്കുന്നതിനുള്ള കഴിവിലുള്ള അന്തരംകൊണ്ടുമാണ് ഇപ്രകാരം ശതമാന വ്യത്യാസം വ്യവസ്ഥചെയ്തിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) വിഷയങ്ങളിലുള്ള വൈവിദ്ധ്യം നിമിത്തവും, അവയിലുള്ള താരതമ്യപ്രാഗൽഭ്യം അളക്കുന്നതിന് ഇപ്പോഴുള്ള തോതാണ് ഉത്തമമെന്നു കരുതുന്നതുകൊണ്ടും സാദ്ധ്യമല്ല.

കുറഞ്ഞശമ്പളസ്കെയിലിലുള്ള തസ്തികകൾ

* 173. [630] ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സഭയെ മറുപടിനൽകുമോ:

(എ) 1953–54–ൽ സംസ്ഥാന സർവ്വീസിലെ എത്തെല്ലാം തസ്തികകൾക്ക് രൂപ–25–30 എന്ന ക്രമത്തിൽ ശമ്പളസ്കെയിൽ നിലവിലിരുന്നു;

(ബി) പ്രസ്തുത തസ്തികകൾക്കു ഇപ്പോൾ നൽകുന്ന ശമ്പളക്രമം എന്താണെന്നു വ്യക്തമാക്കാമോ;

(സി) ഈ തസ്തികകൾക്ക് ഇപ്പോൾ നൽകുന്ന ശമ്പള നിരക്ക് ഒരോന്നിനും വിവിധ രീതിയിലുള്ളതാണെങ്കിൽ അത് ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ):

(എ,ബി) 1953–54–ൽ 25–30 രൂപ ശമ്പള സ്കെയിൽ ഉണ്ടായിരുന്ന തസ്തികകളും പ്രസ്തുത തസ്തികകൾക്കു ഇപ്പോൾ നിലവിലുള്ള ശമ്പള സ്കെയിലുകളും കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) ശമ്പള പരിഷ്കാര കമ്മീഷൻ ശുപാർശ ചെയ്തതനുസരിച്ച് അനുവദിച്ച സ്കെയിലുകളാണ് ഇന്നു നിലവിലുള്ളത്. ഓരോ തസ്തികയ്ക്കും മുമ്പുണ്ടായിരുന്ന സ്കെയിൽമാത്രം അടിസ്ഥാനമാക്കിയല്ല ശമ്പള പരിഷ്കരണം നടത്തിയത്. ജോലിയുടെ സ്വഭാവം, നിർദ്ദിഷ്ട വിദ്യാ

LIBRARY ARCHIVES Kerala Legislative Assembly